**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 762** **10-06-2021 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ഗവ: ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന്റെ കാലതാമസം എന്തു എന്ന് വിശദമാക്കാമോ, ഇതുമായി ബന്ധപ്പെട്ട് കരാറുകാരന്റെ പേരിൽ എന്ത് നടപടി സ്വീകരിച്ചു വെന്ന് വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര ഗവ: ഗേൾസ് ഹയർസെക്കൻഡറി സ്കൂളിന്റെ നിർമ്മാണ പ്രവൃത്തിയ്ക്കായി 2020 നവംബർ മാസം കരാറുകാരന് സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുളളതാണ് . ടി നിർമ്മാണ പ്രവൃത്തി അടിയന്തരമായി തുടങ്ങണമെന്നാവശ്യപ്പെട്ട് കരാറുകാരന് നിരവധി തവണ നിർദ്ദേശവും കത്തും നൽകിയിട്ടുണ്ട് . കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലയിൽ ഉണ്ടായിട്ടുളള അമിതമായ വർദ്ധനവ് കാരണം നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ ബുദ്ധിമുട്ടുളളതായി കരാറുകാരൻ അറിയിച്ചിട്ടുണ്ട് . പ്രസ്തുത പ്രവൃത്തി എത്രയും വേഗത്തിൽ നടത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട് . |
| (ബി) | നെയ്യാറ്റിൻകര പി.ഡബ്ല്യു.ഡി റെസ്റ്റ്ഹൗസിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | നെയ്യാറ്റിൻകര പൊതുമരാമത്ത് വകുപ്പ് റെസ്റ്റ്ഹൗസിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾ നിലവിൽ പൂർത്തിയായിട്ടുളളതും ടി കെട്ടിടത്തിന്റെ ഫിനിഷിംഗ് വർക്കുകൾക്കായി ഭരണാനുമതി 09/02/2021 ൽ പുറപ്പെടുവിക്കുകയും തുടർന്ന് നിയമസഭാ തിരഞ്ഞെടുപ്പിന്റെ പെരുമാറ്റ ചട്ടം മാറിയതിന് ശേഷം 25/05/2021 ൽ ടെണ്ടർ നടപടി പൂർത്തിയാക്കുകയും കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. കാലതാമസം കൂടാതെ റസ്റ്റ്ഹൗസിന്റെ പണി പൂർത്തീകരിക്കാവുന്നതാണ് . |
| (സി) | നെയ്യാറ്റിൻകര ട്രാഫിക്ക് പോലീസ് സ്റ്റേഷന്റെ പുനരുദ്ധാരണ പ്രവർത്തികൾ ആരംഭിക്കുന്നതിന്റെ കാലതാമസ്സം എന്ത് എന്ന് വ്യക്തമാക്കാമോ; | (സി) | നെയ്യാറ്റിൻകര ട്രാഫിക്ക് പോലീസ് സ്റ്റേഷന്റെ പുനരുദ്ധാരണ പ്രവർത്തികൾക്കായി 3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഭരണാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ തുടങ്ങാൻ സാധിച്ചിട്ടില്ല. |
| (ഡി) | നെയ്യാറ്റിൻകര കുടുംബകോടതിയുടെ നിർമ്മാണ | (ഡി) | ബഹുമാനപ്പെട്ട തിരുവനന്തപുരം ജില്ലാ ജഡ്ജിയുടെ |

| | | | |
|---|---|---|---|
| | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്ത് എന്ന് വിശദമാക്കാമോ? | | ആവശ്യപ്രകാരം നെയ്യാറ്റിൻകര കുടുംബകോടതി തുടങ്ങുന്നതിനുള്ള 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട് . ആയത് ഉടൻ തന്നെ ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ